# കേരള സർവകലാശാല

നം. പി.ആർ.050/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ഡിഗ്രി പ്രൈവറ്റ് രജിസ്ട്രേഷൻ : പ്രിന്റ് ഔട്ട് സമർപ്പിക്കണം

കേരള സർവകലാശാല ബി.എ/ബി.കോം 2016-18 ഡിഗ്രി കോഴ്സുകൾക്ക് ഓൺലൈൻ രജിസ്ട്രേഷൻ ചെയ്തവർ (പ്രൈവറ്റ് രജിസ്ട്രേഷൻ) ഓൺലൈൻ രജിസ്ട്രേഷൻ ചെയ്ത അപേക്ഷയുടെ പ്രിന്റ്ഔട്ട്, ഫീസ് രസീതും അനുബന്ധ സർട്ടിഫിക്കറ്റുകളും സഹിതം ഏപ്രിൽ 20-നകം സർവകലാശാല ഓഫീസിൽ സമർപ്പിക്കണം.

### ബി.കോം പരീക്ഷ

കേരള സർവകലാശാല മേയിൽ നടത്തുന്ന ബി.കോം (ആന്വൽ സ്കീം) രണ്ടാം വർഷ പരീക്ഷയ്ക്ക് പിഴകൂടാതെ ഏപ്രിൽ 18 (50 രൂപ പിഴയോടെ ഏപ്രിൽ 20, 250 രൂപ പിഴയോടെ ഏപ്രിൽ 21) വരെ ഫീസ് അടച്ച് ഓൺലൈനായി രജിസ്റ്റർ ചെയ്യാം. വിശദവിവരങ്ങളും നിർദ്ദേശങ്ങളും വെബ്സൈറ്റിൽ (www.de.keralauniversity.ac.in) ലഭിക്കും.

### ബി.എ പരീക്ഷ

കേരള സർവകലാശാല 2016 ഏപ്രിൽ/മേയിൽ നടത്തുന്ന (അന്വൽ സ്കീം) അവസാന വർഷ ബി.എ പരീക്ഷകൾ ഏപ്രിൽ 20-നും അഫ്സൽ ഉൽ-ഉലമ പരീക്ഷ ഏപ്രിൽ 18-നും തുടങ്ങും. കൂടുതൽ വിവരങ്ങൾ വെബ്സൈറ്റിൽ (www.exams.keralauniversity.ac.in) എക്സാം പോർട്ടലിൽ ലഭിക്കും.

### പഠനവൈകല്യ നിർണ്ണയ ക്യാമ്പ്

കേരള സർവകലാശാല കാര്യവട്ടം മന:ശാസ്ത്ര പഠനവകുപ്പിന്റെ ആഭിമുഖ്യത്തിൽ കുട്ടികളിലെ പഠനവൈകല്യ നിർണ്ണയത്തിനും പരിഹാരത്തിനുമായി ഏപ്രിൽ 21 മുതൽ മേയ് ആറ് വരെ സൗജന്യ ക്യാമ്പ് സംഘടിപ്പിക്കുന്നു. പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മണിമുതൽ വൈകുന്നേരം നാല് മണിവരെ നടത്തും. ഫോൺ: 8129077743, 9446700729, 7356166642. സീറ്റുകൾ പരിമിതം. താൽപര്യമുള്ളവർ ഏപ്രിൽ 15-നകം ബന്ധപ്പെടുക.

സർവകലാശാല മന്ദിരം,
തിരുവനന്തപുരം. പബ്ലിക് റിലേഷൻസ് ഓഫീസർ
11.04.2016

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**